**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സ്കൂൾ കുട്ടികൾക്ക് 2011 ഓണം ഉത്സവത്തോടനുബന്ധിച്ച് സൗജന്യമായി അരി വിതരണം ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവു പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (സാധാ)നം. 3356/2011/പൊ.വി തീയതി, തിരുവനന്തപുരം, 19/0

പരാമർശം:- 1. 16.08.2010 ലെ സ.ഉ.(സാധാ) 3655/2010/പൊ.വി.വ.
2. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 8.06.2011, 29.0 എന്നീ തീയതികളിലെ എസ് 2.10903/2011 നമ്പർ കത്തുകൾ
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.7.2011, 4.08.2011 എന്നീ തീയതികളിലെ എൻ.എം.3/43934/11/ഡി.പി.ഐ., നമ്പർ കത്ത്

**ഉത്തരവ്**

ഉച്ചഭക്ഷണ പരിപാടിയുടെ പരിധിയിൽ വരുന്ന സ്കൂൾ കുട്ടികൾക്ക് എല്ലാവർഷവും ഓണം ഉത്സവത്തോടനുബന്ധിച്ച് സൗജന്യമായി 5 കിലോഗ്രാം വീതം അരി വിതരണം ചെയ്തുവരുന്നു.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പരാമർശം രണ്ടിലെ കത്തിൽ വിവിധ ഗോഡൗണുകളിൽ ഉച്ചഭക്ഷണ പദ്ധതി പ്രകാരമുള്ള 16747.2873 മെട്രിക് ടൺ അധിക അരി സ്റ്റോക്കുണ്ടെന്ന് അറിയിച്ചിരുന്നു. പ്രസ്തുത അരി ഉപയോഗ ശൂന്യമാകാതെ വിതരണം ചെയ്യുന്നതിനായി സർക്കാർ തീരുമാനിക്കുകയും ഇക്കാര്യത്തിൽ പരാമർശം മൂന്ന് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഇക്കൊല്ലവും ഓണക്കാലത്ത് സ്കൂൾ കുട്ടികൾക്ക് 5 കിലോഗ്രാം വീതം അരി വിതരണം നടത്താവുന്നതാണെന്നും ഇതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി 32,34,000/- രൂപ 2202-01-191-50 പ്ലാൻ എന്ന കണക്കു ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും 2779118 കുട്ടികളാണ് ഉച്ചഭക്ഷണ പദ്ധതിയിൽ ഉള്ളതെന്നും അറിയിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 2779118 സ്കൂൾ കുട്ടികൾക്ക് 2011 ഓണം ഉത്സവത്തോടനുബന്ധിച്ച് കഴിഞ്ഞ വർഷം നല്കിയതുപോലെ 5 കിലോഗ്രാം വീതം അരി സൗജന്യമായി വിതരണം ചെയ്യുന്നതിനും ആയതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജായ 32,34,000/- രൂപ 2202-01-191-50 പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(....

ഉച്ചഭക്ഷണ പരിപാടിയ്ക്ക് ആവശ്യമായ അരി ലഭ്യമാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതും ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം. ശിവശങ്കർ
സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സിവിൽ സപ്ലൈസ് , തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ,
മാവേലി ഭവൻ, മാവേലി റോഡ്, ഗാന്ധിനഗർ, കൊച്ചി-682020
ഭക്ഷ്യ -സിവിൽ സപ്ലൈസ് വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ധനകാര്യ വകുപ്പ് (63348/ഇ.ഡി.എൻ. ബി3/11/ഫിൻ. പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരളം. തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെ നം.എൻ.എം(3)/43934/11/ഡി.പി.ഐ**

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം : 22.08.11

പകർപ്പ് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, സത്വര നടപടിക്കായി നൽകുന്നു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്പെഷ്യൽ അരിക്കുള്ള ഇൻഡന്റ് പാസ്സാക്കി കൊടുക്കേണ്ടതും ഓണത്തിനു മുൻപായി എല്ലാ സ്കൂളുകാരും അരി വിതരണം നടത്തിയതായി ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.